<u>വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ</u>
<u>നടപടി ഉത്തരവ്</u>

**പുറപ്പെടുവിക്കുന്നത് : പ്രസീന എൻ.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

സൂചന : 1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ന്റെ 05-02-2025 തീയതിയിലെ ഇ5-289/2024 നമ്പർ ഉത്തരവ്. (സീനിയോരിറ്റി ലിസ്റ്റ് 01-01-2024 തീയതി പ്രാബല്യം)

2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04-03-2025-ലെ ഇ2-1760/2025 നമ്പർ ഉത്തരവ്.

<u>**ഉത്തരവ് നമ്പർ ഇ2-1760/2025 തീയതി** : 15-07-2025</u>

വനം വകുപ്പിൽ നിലവിൽ 271 ഫോറസ്റ്റ് ഡ്രൈവർ തസ്തികകളാണുള്ളത്. ഫോറസ്റ്റ് ഡ്രൈവർ തസ്തികകളിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് തസ്തികകളുടെ അനുപാതം 1 : 1 : 1 ആയും, സീനിയർ ഗ്രേഡ് തസ്തികകളുടെ 10% സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികകളായും നിജപ്പെടുത്തിയിട്ടുള്ളതാണ്. അപ്രകാരം വനം വകുപ്പിൽ 271 ഫോറസ്റ്റ് ഡ്രൈവർ തസ്തികകൾ കണക്കാക്കി, അതിന്റെ അനുപാതം 91 ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – II, 90 ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – I , 81 സീനിയർ ഗ്രേഡ്, 9 സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ 31-01-2025 തീയതിവരെ ഉണ്ടായ എല്ലാ ഒഴിവുകളും സൂചന (2) ഉത്തരവ് പ്രകാരം നികത്തിയിരുന്നു. ടി ഉത്തരവിനുശേഷം മേൽ തസ്തികകളിൽ ഒഴിവുകളൊന്നും ഉണ്ടായിട്ടില്ല.

വനം വകുപ്പിൽ 81 സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികകളുള്ളതിൽ 77 പേർ നിലവിൽ ജോലിനോക്കുന്നുണ്ട്. സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ 4 ഒഴിവ് നിലവിലുണ്ട്. സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ വിഭാഗത്തിൽ ക്രമനമ്പർ (10) ശ്രീ. ബിജു പി. ഡി. വരെയുള്ളവർക്ക് സൂചന (2) ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർമാരായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു. ടി സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (14) റെജികുമാരൻ നായർ എസ്. എസ്. മരണപ്പെട്ടു.

മേൽ സാഹചര്യത്തിൽ, സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഉണ്ടായിട്ടുള്ള 4 ഒഴിവുകളിൽ ചുവടെപ്പറയുന്ന ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർമാർക്ക് അവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള പ്രാബല്യthയതിയിൽ 35600-75400 രൂപാ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർമാരായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | 01-01-2024 തീയതി പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ വിഭാഗത്തിലെ ക്രമനമ്പർ | പേര് & പെൻ | നിലവിൽ ജോലി നോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 11 | എം. എ. സവാദ് (PEN : 646804) | ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച്, പാലക്കാട് | 01-06-2025 |
| 2 | 12 | റോഷൻ ജോൺ (PEN : 650346) | SIP യൂണിറ്റ് തൃശ്ശൂർ | 01-06-2025 |
| 3 | 13 | ജോർജ്ജ് വി. (PEN : 668712) | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആലപ്പുഴ | 01-06-2025 |
| 4. | 15 | അബ്ദുൾ കബീർ എം. കെ. (PEN : 664426) | കാലടി റെയിഞ്ച് | 01-06-2025 |

മേൽപ്പറഞ്ഞ 4 പേർക്ക് സീനിയർ ഗ്രേഡ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കഴിഞ്ഞാൽ ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ തസ്തികകളിൽ നിലവിൽ 84 പേർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ തസ്തികയുടെ അനുവദനീയ എണ്ണം 90 ആണ്. ടി തസ്തികയിൽ 6 ഒഴിവുകൾ നിലവിലുണ്ട്. സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (17) ശ്രീ. സിജു വി. എ. വരെയുള്ളവർക്ക് ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവറായി സൂചന (2) പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഉണ്ടായ 6 ഒഴിവിലേയ്ക്ക് ചുവടെപ്പറയുന്ന യോഗ്യരായ ഗ്രേഡ്- II ഫോറസ്റ്റ് ഡ്രൈവർമാർക്ക് അവരുടെ പേരിന് നേരേ കാണിച്ചിട്ടുള്ള പ്രാബല്യത്തീയതിയിൽ 31100-66800 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | 01-01-2024 തീയതി പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ് II ഫോറസ്റ്റ് ഡ്രൈവർ വിഭാഗത്തിലെ ക്രമനമ്പർ | പേര് & പെൻ | നിലവിൽ ജോലി നോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 18 | സഞ്ജുകുമാർ ടി. എസ്. (PEN : 919981) | ഇടമലയാർ റെയിഞ്ച് | 01-06-2025 |

| | | | | |
|---|---|---|---|---|
| 2 | 19 | ബിനു റ്റി.<br>(PEN : 917042) | കണ്ണൻകുഴി ഫോറസ്റ്റ് സ്റ്റേഷൻ, ചാർപ്പ റെയിഞ്ച് | 01-06-2025 |
| 3 | 20 | ഷൈൻകുമാർ എൻ. ആർ.<br>(PEN :917994) | ചാലക്കുടി ഡിവിഷൻ | 01-06-2025 |
| 4 | 21 | അഭിലാഷ് റ്റി. കെ.<br>(PEN : 918324) | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ വെള്ളിക്കുളങ്ങര റെയിഞ്ച് | 01-06-2025 |
| 5. | 22 | മിഥുൻ റ്റി. എം.<br>(PEN : 917725) | തൃശ്ശൂർ ഡിവിഷൻ | 01-06-2025 |
| 6. | 23 | അനീഷ് പി.<br>(PEN :919941) | ഒളകര ഫോറസ്റ്റ് സ്റ്റേഷൻ പീച്ചി റെയിഞ്ച് | 01-06-2025 |

Signed by
N Praseena
Date: 15-07-2025 11:41:43
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.

2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/ എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും/ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡയറക്ടർ, കേരളാ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, വാളയാർ/ എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും അറിവിനായി നൽകുന്നു.